(ബി&സി) ചെറുകിട ഉൽപ്പാദകരിൽ നിന്നും കയർ കോർപ്പറേഷൻ നേരിട്ട് കയറുൽപ്പന്നങ്ങൾ വാങ്ങുന്നുണ്ട്. ഇതു കൂടാതെ വിപണി കണ്ടെത്താൻ കഴിയാതെ ചെറുകിട ഉൽപ്പാദകരുടെ കൈവശം ഉണ്ടെന്ന് ഡിസ്ട്രിക് പർച്ചേസ് പദ്ധതി പ്രകാരം അറിയിച്ച 376 ലക്ഷം രൂപയുടെ കയറുൽപ്പന്നങ്ങളിൽ 15-7-2003 വരെ 300 ലക്ഷം രൂപയുടെ പർച്ചേസ് ഓർഡർ കൊടുക്കുകയും അതിൽ 160 ലക്ഷം രൂപയുടെ കയർ ഉൽപ്പന്നങ്ങൾ സംഭരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) 839 ലക്ഷം രൂപയുടെ ഡിസ്ട്രിക് പർച്ചേസ് പദ്ധതി നടപ്പാക്കി വരുന്നു. ഏഴുകോടി രൂപ റിബേറ്റ് കുടിശ്ശിക തീർക്കുന്നതിനായി നൽകി. കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കാൻ കയർ കോർപ്പറേഷനും 10 മാറ്റ്സ് ആന്റ് മാറ്റിങ്സ് സൊസൈറ്റികൾക്കും ധനസഹായം നൽകി. ചെറുകിട കയറുൽപ്പാദക സൊസൈറ്റികൾക്ക് എം. ഡി. എ. നൽകുന്നുണ്ട്. ചെറുകിട കയറുൽപ്പാദകർക്കായി പൊതു സൗകര്യ സേവനകേന്ദ്രം സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. സ്വകാര്യമേഖലയിൽ ഡിഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കാനുള്ള സബ്സിഡിയും മാർജിൻ മണി വായ്പയും അനുവദിക്കാനുള്ള പദ്ധതി നടപ്പിലാക്കുന്ന നടപടി സ്വീകരിച്ചു വരുന്നു.

(ഇ) കയർ ഭൂവസ്ത്ര വികസന പരിപാടി, എം. ഡി. എ., നാഷണൽ കയർ റിസേർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ, സ്വകാര്യ സംരംഭകരെ ആകർഷിക്കുന്നതിനുള്ള മാർജിൻ മണി വായ്പ. ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള സബ്സിഡി, ചകിരിച്ചോറിൽ നിന്നും ഊർജ ഉൽപ്പന്നങ്ങളും ഉണ്ടാക്കുന്നതിനുള്ള പദ്ധതികൾക്കുള്ള സബ്സിഡി, കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ തുടങ്ങിയ പദ്ധതികൾ എല്ലാം തന്നെ ഈ ഉദ്ദേശത്തോടു കൂടിയുള്ളതാണ്.

നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ

10 (*696) ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മാർക്കറ്റിൽ ഇടപെടുന്നതിന്റെ ഭാഗമായി ഭക്ഷ്യധാന്യങ്ങൾ ഉൽപ്പാദന കേന്ദ്രത്തിൽ നിന്ന് നേരിട്ട് വാങ്ങുന്ന നടപടി ഇപ്പോഴും തുടരുന്നുണ്ടോ ;

(ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിത്യോപയോഗ സാധനങ്ങൾ മാർക്കറ്റ് വിലയേക്കാൾ കൂടിയ വിലയ്ക്ക് വാങ്ങുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ കുറ്റക്കാരായവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ജി) ഇതുമൂലം സിവിൽ സപ്ലൈസ് കോർപ്പറേഷന് നഷ്ടം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ) :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നത് എല്ലാ മാസവും അഖിലേന്ത്യാ തലത്തിൽ പത്രപരസ്യം നൽകി ടെണ്ടർ മുഖേനയാണ്. ടെണ്ടർ സമർപ്പിക്കുന്നവർ ഒപ്പിട്ട ടെണ്ടർ ഫോമിനോടൊപ്പം നൽകാനുദ്ദേശിക്കുന്ന സാധനത്തിന്റെ അളവും വിലയും സാമ്പിളും നൽകേണ്ടതും ടെണ്ടറിനോടൊപ്പം നിശ്ചിത തുക നിരതദ്രവ്യം ആയി വയ്ക്കേണ്ടതുമുണ്ട്. കൂടാതെ പർച്ചേസ് ഓർഡർ ലഭിക്കുന്നവർ ഓർഡർ കിട്ടിയ സാധനങ്ങളുടെ വിലയുടെ 1% വരുന്ന തുക സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി അടയ്ക്കുകയും വേണം. വാങ്ങൽ സംബന്ധിച്ച മുഴുവൻ ഇടപാടും തീർന്നതിനുശേഷം ഈ തുക മടക്കി നൽകാറുണ്ട്.

(ബി) ഇല്ല.

(സി) മുൻകാലങ്ങളിലെപ്പോലെ ഇപ്പോഴും ടെണ്ടർ മുഖേനതന്നെയാണ് ഭക്ഷ്യസാധനങ്ങൾ വാങ്ങുന്നത്.

(ഡി-എഫ്) ചില പരാതികൾ ശ്രദ്ധയിൽപ്പെടുകയും അവയിൽ വിശദമായ അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. ആരോപണങ്ങൾ അടിസ്ഥാന രഹിതമാണെന്ന് കണ്ടെത്തിയതിനാൽ നടപടി സ്വീകരിക്കേണ്ടി വന്നിട്ടില്ല.

(ജി) നഷ്ടം ഉള്ളതായി കണ്ടെത്തിയിട്ടില്ല.

സ്വന്തം കൃഷിഭൂമിയിൽ ഇഷ്ടമുള്ള വിളകൾ കൃഷി ചെയ്യുന്നതിന് നിലവിലുള്ള നിയമതടസ്സം

11 (*697) ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കർഷകന് സ്വന്തം കൃഷിഭൂമിയിൽ ഇഷ്ടമുള്ള വിളകൾ കൃഷി ചെയ്യുന്നതിന് നിയമതടസ്സം നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly